# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/12/2018 2018 ജനുവരി 15

## പത്രക്കുറിപ്പ്

**അനലിറ്റിക്കൽ എഞ്ചിനീയർ - വാക്ക് ഇൻ ഇന്റർവ്യൂ**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എച്ച്.ആർ.ടി.ഇ.എം. അനിലിറ്റിക്കൽ എഞ്ചിനീയർ തസ്തികയിലേക്ക് ഒരു വർഷ കരാർ നിയമനത്തിനായി ജനുവരി 20ന് രാവിലെ 10.30ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ ആന്റ് ബി.എഫ്.റ്റി. സി.ബി.സി.എസ്.എസ്. - യു.ജി. (2015 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/റീ അപ്പിയറൻസ്/ഇംപ്രൂവ്മെന്റ്) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 17 മുതൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ (ഐഡി & എൽഡി - റഗുലർ, ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 25 വരെ അപേക്ഷിക്കാം.

2017 ജൂലൈ മാസം നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എജ്യൂക്കേഷൻ (ലേണിംഗ് ഡിസെബിലിറ്റി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 25 വരെ അപേക്ഷിക്കാം.

**എം.ജി.യിൽ അന്തർദ്ദേശീയ പ്രഭാഷണം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ നാനോ സയൻസ് പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ അയർലൻഡിലെ ലിമെറിക് യൂണിവേഴ്സിറ്റിയിലെ ഡോ. ലക്ഷ്മി കൈലാസ്, സൗത്ത് ആഫ്രിക്കയിലെ വാൾട്ടർ സിസലു യൂണിവേഴ്സിറ്റിയിലെ പ്രൊഫ. അഡിബോല ഓമോനുമി ഓയിഡിജി എന്നിവർ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ പ്രഭാഷണങ്ങൾ നടത്തി. നാനോ സ്ട്രക്ചേഡ് മെറ്റീരിയൽസ്, ഔഷധസസ്യ ഗവേഷണം എന്നിവയായിരുന്നു പ്രഭാഷണ വിഷയങ്ങൾ. സൗത്ത് ആഫ്രിക്കൻ യൂണിവേഴ്സിറ്റി കെമിസ്ട്രി പ്രൊഫസർ ഡോ. സാമുവൽ ഒലുബാടോബി, പ്രൊഫ. അഡിബോല ഓമോനുമി ഓയിഡിജി എന്നിവർ ജനുവരി 20 വരെ സർവ്വകലാശാലയിൽ ഗവേഷകരുമായി സംവദിക്കുന്നതാണ്. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**അനുശോചനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ക്ലറിക്കൽ അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിച്ചിരുന്ന ഒ.ജി. രാമചന്ദ്രന്റെ നിര്യാണത്തിൽ പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അനുശോചനം രേഖപ്പെടുത്തി. രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ജോയിന്റ് രജിസ്ട്രാർ ബി. രാധാകൃഷ്ണപിള്ള അനുശോചന പ്രമേയം അവതരിപ്പിച്ചു. സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ്, ഫിനാൻസ് ഓഫീസർ എബ്രഹാം ജെ. പുതുമന, സംഘടനാ പ്രതിനിധികളായ എ. ബാബുരാജ് വാര്യർ, കെ. കാമരാജ്, കെ.ജി. ഷാജി, കെ. പത്മകുമാർ എന്നിവർ അനുശോചനം അറിയിച്ച് സംസാരിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**